ടി.കെ ഉബൈദ്

ഖുർആൻ ബോധനം
**1083**

# സൂറ – 36 / യാസീൻ

**സൂക്തം: 6 – 10**

അഹങ്കാരികൾ എപ്പോഴും ഭൂതകാല പാരമ്പര്യങ്ങളുടെയും ദേശീയാചാരങ്ങളുടെയും ഭാവി വ്യാമോഹങ്ങളുടെയും അടിമകളായിരിക്കും. ഭൂതകാല പൈതൃകങ്ങൾ എത്ര ജീർണമാണെങ്കിലും അതിൽ അഹങ്കരിക്കുകയും അഭിമാനിച്ച് ഗർവിഷ്ഠരാവുകയും ഭാവിയിൽ അതൊക്കെ പുനഃസ്ഥാപിക്കാൻ അദമ്യമായി വ്യാമോഹിക്കുകയും ചെയ്യുന്നു. ഈ തടവറക്കപ്പുറമുള്ള ഒന്നിനെയും അവർ ചിന്താർഹമായേ കാണുകയില്ല.

لِتُنذِرَ قَوْمًا مَّآ أُنذِرَ ءَابَآؤُهُمْ فَهُمْ غَٰفِلُونَ ﴿٦﴾

6. പൂർവപിതാക്കൾക്ക് മുന്നറിയിപ്പു ലഭിച്ചിട്ടില്ലാത്തതിനാൽ പ്രജ്ഞാശൂന്യരായിത്തീർന്ന ജനത്തിന് നീ അതുവഴി മുന്നറിയിപ്പു നൽകാൻ.

**6**

لِتُنذِرَ قَوْمًا = നീ (അതുവഴി) ജനത്തിന് മുന്നറിയിപ്പ് നൽകാൻ

مَّا أُنذِرَ آبَاؤُهُمْ = അവരുടെ പൂർവപിതാക്കൾക്ക് മുന്നറിയിപ്പു ലഭിച്ചിട്ടില്ല

فَهُمْ غَافِلُونَ = അതിനാൽ അവർ പ്രജ്ഞാശൂന്യരാകു(രായിത്തീർ)ന്നു

അല്ലാഹു ഒരു ദൂതനെ നിയോഗിക്കുകയും അദ്ദേഹത്തിലൂടെ സഗൗരവം ഈ ഖുർആൻ അവതരിപ്പിക്കുകയും ചെയ്തതിന്റെ ഉദ്ദേശ്യം വ്യക്തമാക്കുകയാണ്. പൂർവികരിൽ പ്രവാചകാഗമനവും സത്യപ്രബോധനവും നടന്നിട്ടില്ലാത്തതിനാൽ അല്ലാഹുവിലും അവന്റെ ധർമശാസനകളിലും അശ്രദ്ധരായി മാർഗച്യുതിയിലകപ്പെട്ട ജനങ്ങൾക്ക് അവരുടെ മാർഗച്യുതിയുടെ ദുരന്ത പരിണതിയെക്കുറിച്ച് മുന്നറിയിപ്പും സാന്മാർഗിക ജീവിതത്തിന്റെ ശുഭപര്യവസാന സുവിശേഷവും നൽകുകയാണത്. انذار (മുന്നറിയിപ്പു നൽകൽ, താക്കീതു ചെയ്യൽ)-ൽനിന്നുള്ള അകർമക ഭൂതകാലക്രിയയാണ് أَنذِرَ. പ്രവാചക സന്ദേശങ്ങളെ പൊതുവിൽ انذار എന്നും تَبشير-بشارة (ഭാവിസൗഭാഗ്യം സംബന്ധിച്ച ശുഭവാർത്ത) എന്നും പറയും. പ്രവാചകനെ بشير -ഉം نذير -ഉം എന്ന് ഖുർആൻ പലയിടത്തും വിശേഷിപ്പിച്ചിട്ടുണ്ട്. آباء പിതാക്കൾ ആണ്. മുൻതലമുറകൾ ആണ് ഇവിടെ ഉദ്ദേശ്യം. 'മുൻതലമുറകൾക്ക് പ്രവാചക സന്ദേശം ലഭിച്ചിട്ടില്ലാത്ത സമൂഹം' എന്നതിന് രണ്ട് അർഥമാനങ്ങളുണ്ട്. ഖുർആനിന്റെ പ്രഥമ സംബോധിതരായ ഇസ്മാഈലീ അറബികളുമായി ബന്ധപ്പെട്ടതാണ് ഒന്ന്. പുരാതന കാലത്ത് പ്രവാചകാഗമനമുണ്ടായ അറബി സമുദായങ്ങൾ ആദ്-സമൂദ്-മിദ്യാൻ ഗോത്രങ്ങളാണ്. അവർ ഇസ്മാഈലികളായിരുന്നില്ല. ആ സമുദായങ്ങളെല്ലാം നശിച്ചുപോവുകയും ചെയ്തു. നശിച്ചുപോയ അറബികൾ -العرب البائدة- എന്നാണ് ചരിത്രം അവരെ വിളിക്കുന്നത്. ഇസ്മാഈലീ സമൂഹത്തിൽ ഇസ്മാഈൽ

നബിക്കുശേഷം ഒരു പ്രവാചകൻ വന്നതായി ചരിത്രമില്ല. ഇസ്മാഈലീ സന്ദേശമാകട്ടെ വളരെ നൂറ്റാണ്ടുകൾക്കു മുമ്പേ മാഞ്ഞുപോവുകയും അറബികൾ വഴിതെറ്റി വിഗ്രഹാരാധകരായി മാറുകയും ചെയ്തു. ഈ സാഹചര്യത്തിൽ അവരുടെ വീണ്ടെടുപ്പിന് പുതിയൊരു പ്രവാചകാഗമനം അനിവാര്യമായിത്തീർന്നു. വാസ്തവത്തിൽ അല്ലാഹു അവർക്കു ചെയ്ത മഹത്തായ അനുഗ്രഹമാണ് മുഹമ്മദീയ പ്രവാചകത്വം. കുലപതിയായ ഇബ്റാഹീം നബി(അ)യുടെ പ്രാർഥനയുടെയും അദ്ദേഹത്തിനു ശേഷം വന്ന പ്രവാചകവര്യന്മാരുടെ പ്രവചനത്തിന്റെയും സാഫല്യം കൂടിയാണത്. ഇബ്റാഹീം നബിയുടെ പ്രാർഥന 2:129 സൂക്തത്തിലും പൂർവ പ്രവാചകന്റെ പ്രവചനം 61:3 സൂക്തത്തിലും പരാമർശിച്ചിരിക്കുന്നു. ഈ മഹാനുഗ്രഹത്തെ മാനിക്കാതെ തള്ളിക്കളയുകയാണെങ്കിൽ തങ്ങളുടെ വികാസത്തിനും വിജയത്തിനും അല്ലാഹു കനിഞ്ഞരുളിയ ഉപാധിയെ സ്വന്തം ദൗർഭാഗ്യത്തിന്റെയും ദുരന്തത്തിന്റെയും ഉപാധിയാക്കി മാറ്റുകയാണവർ ചെയ്യുന്നത് എന്ന ധ്വനി കൂടിയുണ്ടിതിൽ. لِتُنذِرَ قَوْمًا مَّا أَتَاهُم مِّن نَّذِيرٍ مِّن قَبْلِكَ - നിനക്കു മുമ്പ് മുന്നറിയിപ്പുകാരാരും വന്നിട്ടില്ലാത്ത ജനത്തിനു നീ മുന്നറിയിപ്പു നൽകാൻ- എന്ന് *അൽഖസ്വസ്വ്* 46-ാം സൂക്തത്തിലും لِتُنذِرَ قَوْمًا مَّا أَتَاهُم مِّن نَّذِيرٍ مِّن قَبْلِكَ لَعَلَّهُمْ يَهْتَدُونَ നിനക്കു മുമ്പ് മുന്നറിയിപ്പുകാരാരും വന്നിട്ടില്ലാത്ത ജനത്തിന് നീ മുന്നറിയിപ്പു നൽകാൻ; അവർ സന്മാർഗം പ്രാപിക്കേണ്ടതിന്- എന്ന് സൂറ *അസ്സജദ* 3-ാം സൂക്തത്തിലും ഈ ആശയം ആവർത്തിച്ച് അനുസ്മരിപ്പിക്കുന്നുണ്ട്.

സൂക്താവതരണത്തിന്റെ സ്ഥലകാല പരിധിക്കതീതമായതാണ് 'മുൻതലമുറകൾക്ക് മുന്നറിയിപ്പു ലഭിച്ചിട്ടില്ലാത്ത ജനം' എന്നതിന്റെ രണ്ടാമത്തെ അർഥതലം. ലോകത്ത് അന്നുണ്ടായിരുന്ന മർത്യസമൂഹം മുഴുവൻ അതിലുൾപ്പെടുന്നു. മുഹമ്മദ് നബി(സ)ക്കു മുമ്പ് വന്ന അവസാന പ്രവാചകൻ ഈസാ (അ) ആയിരുന്നു. അദ്ദേഹം പഠിപ്പിച്ച പാഠങ്ങൾ ഒന്നുരണ്ട് നൂറ്റാണ്ടു കാലമേ തനതായ രൂപത്തിൽ നിലനിന്നുള്ളൂ. പിന്നീട് ഈസാ പ്രബോധനം ചെയ്ത ദീനിന്റെ അടിത്തറയായ തൗഹീദ് ത്രിയേകത്വമായി അട്ടിമറിക്കപ്പെട്ടു. കൂടാതെ അദ്ദേഹത്തിന്റെ മാതാവായ മർയമും ഒരാരാധനാ മൂർത്തിയായി പ്രതിഷ്ഠിക്കപ്പെട്ടു. അങ്ങനെ ഈസാ (അ) പ്രബോധനം ചെയ്ത, ഏകദൈവ വിശ്വാസത്തിലധിഷ്ഠിതമായ ഇസ്‌ലാം മതം ത്രിയേകത്വത്തിലും മേരിപൂജയിലും അധിഷ്ഠിതമായ ക്രിസ്തുമതമായി മാറി. തുടർന്ന് ഏതാനും നൂറ്റാണ്ടുകളിൽ ദൈവിക സന്ദേശം പ്രബോധനം ചെയ്യുന്ന സത്യപ്രവാചകന്മാർ ലോകത്തെവിടെയും ആഗതരായില്ല. നൈസർഗികമായ ധർമബോധത്തിന്റെയും ശുദ്ധ പ്രകൃതിയുടെയും പ്രചോദനത്താൽ അങ്ങിങ്ങ് ഒറ്റപ്പെട്ട സത്യവിശ്വാസികളും സന്മാർഗസ്ഥരും ഉണ്ടായിരുന്നുവെങ്കിലും പ്രവാചകന്മാരാൽ പ്രബോധനം ചെയ്യപ്പെട്ട സമ്പൂർണ ദൈവിക ധർമവ്യവസ്ഥ എവിടെയും ഉണ്ടായിരുന്നില്ല. ലോകം പൊതുവിൽ അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും ഇരുട്ടിലായിരുന്നു. ഈ അവസ്ഥയിൽനിന്ന് ലോകത്തെ സത്യവിശ്വാസത്തിലേക്കും ദൈവിക ധർമത്തിലേക്കും വീണ്ടെടുക്കാൻ അല്ലാഹു അയച്ച അന്തിമ ദൈവദൂതനാണ് മുഹമ്മദ് നബി. മനുഷ്യരോടുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും താൽപര്യമായിരുന്നു അതെന്ന് ഖുർആൻ 21:107-ൽ പ്രസ്താവിച്ചിട്ടുണ്ട്: وَمَا أَرْسَلْنَاكَ إِلَّا رَحْمَةً لِّلْعَالَمِينَ 'ലോകർക്കൊക്കെയും സ്നേഹകാരുണ്യമായിട്ടു തന്നെയാകുന്നു നാം നിന്നെ നിയോഗിച്ചിട്ടുള്ളത്.' ●

---

لَقَدْ حَقَّ ٱلْقَوْلُ عَلَىٰٓ أَكْثَرِهِمْ فَهُمْ لَا يُؤْمِنُونَ ﴿٧﴾

7. അവരിലധികമാളുകളിലും ദൈവവചനം സത്യമായിക്കഴിഞ്ഞിരിക്കുന്നു. അതിനാൽ അവർ സത്യവിശ്വാസം കൈക്കൊള്ളുകയില്ല.

**7**

لَقَدْ حَقَّ الْقَوْلُ= തീർച്ചയായും (ദൈവ) വചനം യാഥാർഥ്യം-സത്യം- ആയിക്കഴിഞ്ഞിരിക്കുന്നു

عَلَىٰ أَكْثَرِهِمْ= അവരിലധികത്തിലും (അധികം ആളുകളിലും)

فَهُمْ لَا يُؤْمِنُونَ= അതിനാൽ അവർ സത്യവിശ്വാസം കൈക്കൊള്ളുകയില്ല

قول വാക്കാണ്. ഇവിടെ സൂചിപ്പിക്കുന്ന വാക്ക് സൃഷ്ടിയുടെ ആരംഭദശയിൽ, മനുഷ്യരെ വഴിതെറ്റിക്കാൻ പ്രതിജ്ഞയെടുത്ത ഇബ്‌ലീസിന് മറുപടിയായി അല്ലാഹു പറഞ്ഞ لَأَمْلَأَنَّ جَهَنَّمَ مِنَ الْجِنَّةِ وَالنَّاسِ أَجْمَعِينَ -'എങ്കിൽ നീ വഴിതെറ്റിക്കുന്ന മുഴുവൻ ജിന്നുകളാലും മനുഷ്യരാലും ഞാൻ നരകം നിറക്കുക തന്നെ ചെയ്യും' (11:119, 32:13). ഈ പ്രസ്താവനയെ സൂചിപ്പിച്ചുകൊണ്ട് അല്ലാഹു പ്രവാചകനോട് പറയുകയാണ്; പ്രവാചകൻ ചെന്ന് വിളിച്ചാലുടനെ ആളുകൾ കൂട്ടത്തോടെ വിശ്വസിക്കുകയും അധർമങ്ങൾ വെടിഞ്ഞ് ധർമമാർഗത്തിൽ ചരിക്കാൻ തുടങ്ങുകയും ചെയ്യുമെന്നൊന്നും പ്രതീക്ഷിക്കേണ്ടതില്ല. മനുഷ്യരിലേറെപ്പേരും ഇബ്‌ലീസിനാൽ നയിക്കപ്പെടുന്നവരാണ്. അവരെ തന്റെ മാർഗത്തിൽ ഉറപ്പിച്ചു നിർത്താൻ അവൻ എല്ലാ തന്ത്രങ്ങളും പ്രയോഗിക്കും. അതുകൊണ്ട് ഏറെപ്പേരും പ്രവാചകനെ അംഗീകരിക്കാൻ തയാറാവുകയില്ല. ചിലർ പ്രവാചകനെയും അനുയായികളെയും ക്രൂരമായി ദ്രോഹിക്കാൻ ധൃഷ്ടരാവുകയും ചെയ്യും. ഇബ്‌ലീസിന്റെ അനുയായികളാൽ നരകം നിറക്കുമെന്ന എന്റെ വാക്ക് അങ്ങനെ യാഥാർഥ്യമായി പുലരുന്നു. അവിശ്വാസികളുടെ നിഷേധവും ദ്രോഹവും കണ്ട് അത്ഭുതപ്പെടുകയോ അസ്വസ്ഥമാവുകയോ ചെയ്യേണ്ടതില്ല. പ്രവാചകന്റെ ചുമതല പ്രബോധനം മാത്രമാകുന്നു. അത് യഥാവിധം നിർവഹിച്ചിട്ടും ആളുകൾ തള്ളിപ്പറയുകയും ദ്രോഹിക്കാൻ

മുതിരുകയും ചെയ്യുന്നുവെങ്കിൽ അത് പ്രവാചകന്റെ കുറ്റമല്ല. നരകം നിറക്കാനുപയോഗിക്കുന്ന ഇന്ധനമാകുമെന്ന് അല്ലാഹു പ്രസ്താവിച്ച ജിന്നുകളുടെയും മനുഷ്യരുടെയും കൂട്ടത്തിൽ ചേരുകയാണവരെന്നു മനസ്സിലാക്കിയാൽ മതി. ●

---

إِنَّا جَعَلْنَا فِيٓ أَعْنَٰقِهِمْ أَغْلَٰلًا فَهِيَ إِلَى ٱلْأَذْقَانِ فَهُم مُّقْمَحُونَ ﴿٨﴾

8. നാം അവരുടെ കഴുത്തുകളിൽ ചങ്ങലകളിട്ടിരിക്കുന്നു. അത് താടിയെല്ലുകൾ വരെ വരിഞ്ഞു മുറുകിക്കിടക്കുകയാണ്. അതിനാൽ തലപൊക്കിക്കൊണ്ടേ നിൽക്കുകയാണവർ.

**8**

إِنَّا جَعَلْنَا= നാം ആക്കി (ഇട്ടിരിക്കുന്നു) فِي أَعْنَاقِهِمْ= അവരുടെ കഴുത്തുകളിൽ أَغْلَالًا= ചങ്ങലകൾ

فَهِيَ= അങ്ങനെ അത് إِلَى الْأَذْقَانِ= (വരിഞ്ഞു മുറുകിക്കിടക്കുകയാണ്) താടിയെല്ലുകൾ വരെ

فَهُم مُّقْمَحُونَ= അതിനാൽ തലപൊക്കുന്നവരാകുന്നു (തലപൊക്കിക്കൊണ്ടേ നിൽക്കുകയാണവർ)

മുൻ സൂക്തം സൂചിപ്പിച്ച, ദൈവവചനം യാഥാർഥ്യമായിത്തീരുന്ന അന്ധവിശ്വാസികളുടെ അവസ്ഥ രൂപകാലങ്കാരത്തിലൂടെ വർണിക്കുകയാണിത്. غُلّ -ന്റെ ബഹുവചനമാണ് اغلال. കുറ്റവാളിയുടെ കൈകൾ ചങ്ങലകൊണ്ട് കഴുത്തിനോട് ചേർത്തുകെട്ടി ശിക്ഷിക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. ഈ ചങ്ങല കഴുത്തിൽ താടിയെല്ലുകളോളം വരിഞ്ഞുമുറുക്കിയാൽ ശിരസ്സ് താഴോട്ടോ മേലോട്ടോ ഇടത്തോട്ടോ വലത്തോട്ടോ ചലിപ്പിക്കാനാവാതെ ഉയർത്തിപ്പിടിച്ചുനിൽക്കേണ്ടി വരും. ഒറ്റ ദിശയിലേക്കേ നോക്കാൻ കഴിയൂ. അതിനു താഴെയും മേലെയും വശങ്ങളിലും ഉള്ളതൊന്നും കാണുകയില്ല. ഒരു പരിധിക്കപ്പുറം തലപൊക്കാനോ താഴ്ത്താനോ കഴിയാത്ത വണ്ണം കഴുത്തു കെട്ടിവെച്ച ഒട്ടകമാണ് മൗലികമായ അർഥത്തിൽ مقمح. തികച്ചും ഇതുപോലെ തന്നെയാണ് കഴുത്തിൽ ചങ്ങല മുറുക്കി ചുറ്റിയ മനുഷ്യന്റെയും അവസ്ഥ. തങ്ങളുടെ കണ്ണുടക്കിയ ഒരു ദിശയിലേക്കല്ലാതെ മറ്റെങ്ങോട്ടും നോക്കാനോ കാണാനോ അവർക്കു കഴിയില്ല. വചനതാൽപര്യമിതാണ്: മൂഢവിശ്വാസങ്ങൾ, അനാചാരങ്ങൾ, അന്ധമായ പിതൃപൂജ, ക്ഷുദ്രമായ ഭൗതികാസക്തികൾ, സ്വാർഥങ്ങൾ തുടങ്ങി അനേകം ചങ്ങലകൾ അവരെ വരിഞ്ഞുമുറുക്കിയിരിക്കുന്നു. അതിന്റെ ചുറ്റ് താടിയെല്ലുകളോളം എത്തിയതിനാൽ കഴുത്തു കെട്ടിയ ഒട്ടകങ്ങളെപ്പോലെ എപ്പോഴും തല മേലോട്ടു പൊക്കിപ്പിടിച്ച നിലയിൽ മാത്രമേ അവർക്ക് നിൽക്കാനാവൂ. അവർ താലോലിക്കുന്ന അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും അപ്പുറമുള്ള ഒന്നും അവർ നോക്കുന്നില്ല, കാണുന്നുമില്ല.

അവിശ്വാസികളുടെ കഴുത്തിൽ ചങ്ങല മുറുക്കിയതിന്റെ കർതൃത്വം جعلنا - നാം തൂക്കി- എന്ന് അല്ലാഹുവിലേക്ക് ചേർത്തു പറഞ്ഞിരിക്കുന്നു. അവർ ഈ അവസ്ഥയിലായത് അല്ലാഹുവിന്റെ പ്രകൃതിനിയമം- സുന്നത്ത്- പ്രകാരം തന്നെയാകുന്നു എന്നാണതിന്റെ താൽപര്യം. ദൈവത്തെയും ധർമത്തെയും കുറിച്ച് സത്യാന്വേഷണ താൽപര്യത്തോടെ ഒരിക്കലും ചിന്തിക്കാൻ കൂട്ടാക്കാതെ ആസക്തികൾക്കു പിമ്പേ പായുകയും ആചരിച്ചുവരുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മുറുകെ പിടിക്കുകയും ചെയ്യുന്നവരിൽ അവരുടെ മിഥ്യാധാരണകൾക്കും ദുർനടപടികൾക്കും തന്നെ ആധിപത്യം ലഭിക്കുക എന്നതാണ് അല്ലാഹു നിശ്ചയിച്ച നിയമം - സുന്നത്ത്. മിഥ്യാധാരണകളാലും അനാചാരങ്ങളാലും നിയന്ത്രിക്കപ്പെടുന്നവരെ സദുപദേശങ്ങളും ഉദ്ബോധനങ്ങളും ഒട്ടും സ്വാധീനിക്കുകയില്ല. അവരുടെ ബുദ്ധിയും ചിന്താശേഷിയുമൊക്കെ സത്യം കണ്ടെത്താനോ സ്വീകരിക്കാനോ അല്ല, തങ്ങളാചരിക്കുന്ന അസത്യം ജയിക്കാനാണ് ഉപയോഗിക്കപ്പെടുക. സൂറ *അൽ മുത്വഫ്ഫിഫീൻ* 14-ാം സൂക്തം ഇതേപ്പറ്റി പറയുന്നു: 'യാഥാർഥ്യം ഒരിക്കലും അവർ പറയുന്നതല്ല. പക്ഷേ, അവരുടെ മനസ്സുകൾ അവർ സമ്പാദിച്ചുകൊണ്ടിരുന്ന ചെയ്തികളാൽ തുരുമ്പെടുത്തിരിക്കുകയാണ്.' ●

---

وَجَعَلْنَا مِنۢ بَيْنِ أَيْدِيهِمْ سَدًّا وَمِنْ خَلْفِهِمْ سَدًّا فَأَغْشَيْنَٰهُمْ فَهُمْ لَا يُبْصِرُونَ ﴿٩﴾

9. നാം അവർക്കു മുമ്പിൽ മതിൽക്കെട്ടുയർത്തിയിരിക്കുന്നു. പിന്നിലും മതിൽക്കെട്ടുയർത്തി. അങ്ങനെ നാം അവരെ പൂർണമായി മൂടിക്കളഞ്ഞിരിക്കുന്നു. ആകയാൽ അവർ ഒന്നും കാണുന്നില്ല.

**9**

وَجَعَلْنَا مِن بَيْنِ أَيْدِيهِمْ= അവരുടെ മുമ്പിൽ നാം ആക്കി (ഉയർത്തി) سَدًّا= ഒരു മതിൽക്കെട്ട്

وَمِنْ خَلْفِهِمْ سَدًّا= അവരുടെ പിന്നിലും ഒരു മതിൽക്കെട്ടുയർത്തി

فَأَغْشَيْنَاهُمْ= അങ്ങനെ നാം അവരെ (പൂർണമായി) മൂടിക്കളഞ്ഞിരിക്കുന്നു

فَهُمْ لَا يُبْصِرُونَ= ആകയാൽ അവർ (ഒന്നും) കാണുന്നില്ല

മുൻ സൂക്തത്തിന്റെ ആശയം കൂടുതൽ സ്പഷ്ടമാക്കുകയാണീ സൂക്തം. മതിൽക്കെട്ടും അണക്കെട്ടും അടപ്പും തടസ്സവുമൊക്കെയാണ് سدّ. മുന്നിലും പിന്നിലും മതിൽക്കെട്ടും മുകളിൽ മൂടിയുമുള്ള അവസ്ഥയിൽ കണ്ണുകെട്ടപ്പെട്ടു കഴിയുന്നവരെപ്പോലെയാണവർ. അത്തരക്കാർക്ക് മുന്നോട്ടോ പിന്നോട്ടോ പോകാനോ യാതൊന്നും കാണാനോ കഴിയില്ല. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ആസക്തികളും അതിനപ്പുറത്തേക്ക് ചിന്തിക്കുന്നതിൽനിന്ന് അവരുടെ ബുദ്ധിയെയും വിചാരശേഷിയെയും തടയുന്ന മതിലുകളായി നിൽക്കുകയാണ്. അവരുടെ ഉൾക്കാഴ്ച-മനക്കണ്ണ്- അന്ധമായിപ്പോയിരിക്കുന്നു. അതിനാൽ സത്യവിശ്വാസികൾ പറയുന്നതൊന്നും അവർക്ക് മനസ്സിലാകുന്നേയില്ല. ഇത്തരം അഹങ്കാരികൾ എപ്പോഴും ഭൂതകാല പാരമ്പര്യങ്ങളുടെയും ദേശീയാചാരങ്ങളുടെയും ഭാവി വ്യാമോഹങ്ങളുടെയും അടിമകളായിരിക്കും. ഭൂതകാല പൈതൃകങ്ങൾ എത്ര ജീർണമാണെങ്കിലും അതിൽ അഹങ്കരിക്കുകയും അഭിമാനിച്ച് ഗർവിഷ്ഠരാവുകയും ഭാവിയിൽ അതൊക്കെ പുനഃസ്ഥാപിക്കാൻ അദമ്യമായി വ്യാമോഹിക്കുകയും ചെയ്യുന്നു. ഈ തടവറക്കപ്പുറമുള്ള ഒന്നിനെയും അവർ ചിന്താർഹമായേ കാണുകയില്ല. ●

---

وَسَوَآءٌ عَلَيۡهِمۡ ءَأَنذَرۡتَهُمۡ أَمۡ لَمۡ تُنذِرۡهُمۡ لَا يُؤۡمِنُونَ ﴿١٠﴾

10. നീ അവർക്കു മുന്നറിയിപ്പു നൽകിയാലും ഇല്ലെങ്കിലും ഒരുപോലെയാകുന്നു. അവർ വിശ്വസിക്കാൻ പോകുന്നില്ല.

**10**

وَسَوَاءٌ = സമം, ഒരുപോലെ ആകുന്നു عَلَيْهِمْ = അവരുടെ മേൽ أَأَنذَرْتَهُمْ = നീ അവർക്കു മുന്നറിയിപ്പു നൽകിയാലും أَمْ لَمْ تُنذِرْهُمْ = നീ അവർക്കു മുന്നറിയിപ്പു നൽകിയിട്ടില്ലെങ്കിലും لَا يُؤْمِنُونَ = അവർ വിശ്വസിക്കു(ക്കാൻ പോകു)ന്നില്ല

ഇത്തരം ആളുകളെ പ്രബോധനം ചെയ്യുന്നതും ചെയ്യാതിരിക്കുന്നതും ഫലത്തിൽ തുല്യമാണ്. എന്തായാലും അവർ തങ്ങളുടെ അന്ധവിശ്വാസങ്ങളോടും അനാചാരങ്ങളോടും യോജിക്കാത്ത ഒരു സത്യവും സ്വീകരിക്കാൻ പോകുന്നില്ല. എങ്കിലും പ്രബോധകൻ അവരെയും പ്രബോധനം ചെയ്തുകൊണ്ടിരിക്കണം. ഒന്നാമതായി പ്രബോധകന്റെ ധർമമാണത്. വിശ്വസിക്കുന്നവരാര്, വിശ്വസിക്കാത്തവരാര് എന്ന് യഥാർഥത്തിൽ അറിയുന്നത് അല്ലാഹുവാണ്. ഇപ്പറഞ്ഞ തടവറയിലകപ്പെട്ടവരെന്ന് പ്രബോധകൻ മനസ്സിലാക്കുന്നവർ എന്നും അങ്ങനെ ആയിരക്കണമെന്നില്ല. നാളെ അവർ അതിൽനിന്ന് രക്ഷപ്പെട്ടെന്നുവരാം. അറേബ്യൻ മുശ്‌രിക്കുകൾ അതിനു മികച്ച ഉദാഹരണമാകുന്നു. രണ്ടാമതായി തീരെ പ്രബോധനം ചെയ്യപ്പെടാതിരുന്നാൽ ധിക്കാരികൾ പരലോകത്ത് വിചാരണയിൽ അല്ലാഹുവിനോട് ഇങ്ങനെ ആവലാതിപ്പെടാനിടയാകും; 'നാഥാ ഞങ്ങൾ പൂർവികരിൽനിന്ന് പകർത്തിയ ആചാരങ്ങളും വിശ്വാസങ്ങളും പാലിച്ചു വരികയായിരുന്നു. അത് അബദ്ധമാണെന്നും നീ അനുശാസിക്കുന്ന വിശ്വാസങ്ങളും കർമങ്ങളും ഇന്നതാണെന്നും ഞങ്ങൾക്ക് ആരും പറഞ്ഞുതന്നിട്ടില്ല.' ഈ ന്യായവാദത്തിനിടയാകാതിരിക്കാൻ ന്യായപൂർത്തീകരണാർഥം വിശ്വാസം പ്രതീക്ഷിക്കപ്പെടുന്നവരും അല്ലാത്തവരുമായ എല്ലാവരും പ്രബോധനം ചെയ്യപ്പെടേണ്ടതുണ്ട്. ●